LIBRARY ARCHIVES Kerala Legislative Assembly

ജെ. ബി. ഐ. സി. ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

172 [1834] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പൈപ്പുകൾ സ്ഥാപിക്കാൻ കുഴിയെടുക്കുമ്പോൾ നൂനത യന്ത്ര സാമഗ്രികൾ ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്ന നിബന്ധന ടെണ്ടറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) കുഴികൾ നികത്തി റീ-സർഫസ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? .

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷനും സമീപത്തെ 16 പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയിൽ നിർമ്മിച്ചിരിക്കുന്ന പെരുവണ്ണാമുഴി ജലസംഭരണിയിൽനിന്ന് ശേഖരിക്കുന്ന ജലം പൊൻമലക്കുന്നിൽ സ്ഥാപിക്കുന്ന ജല ശുദ്ധീകരണശാലയിലെത്തിക്കുന്നു.ജലശുദ്ധീകരണശാലയ്ക്ക് ഒന്നാം ഘട്ടത്തിൽ 174 ദശലക്ഷം ലിറ്ററും രണ്ടാം ഘട്ടത്തിൽ 210 ദശലക്ഷം ലിറ്ററും ജലം ശുദ്ധീകരിക്കുന്നതിനുള്ള ശേഷി ഉണ്ടായിരിക്കും. ശുദ്ധീകരിച്ച ജലം വിവിധ ജലസംഭരണികളിൽ ശേഖരിച്ച് വിതരണം ചെയ്യും. ഈ പദ്ധതി വിവിധ പാക്കേജുകളായി തിരിച്ചാണ് പണികൾ നടത്തുന്നത്. ഇതിനു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) പദ്ധതി നടപ്പാക്കുമ്പോൾ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി

173 [1841] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

„ തമ്പാനൂർ രവി:

„ ലൂഡി ലൂയിസ്:

„ ടി. എൻ. പ്രതാപൻ:

„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: